<u>**15 -ാം കേരള നിയമസഭ**</u>

<u>**7 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 777**</u> <u>**06-12-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ചങ്ങനാശ്ശേരി മണ്ഡലത്തിലെ സുഭിക്ഷ കേരളം പദ്ധതി**</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജോബ് മൈക്കിള്‍** | | **ശ്രീ. വി.എന്‍ വാസവന്‍<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തില്‍ സുഭിക്ഷ കേരളം പദ്ധതിയിലുള്‍പ്പെടുത്തി സഹകരണ സ്ഥാപനങ്ങള്‍ മുഖേന എന്തെല്ലാം പ്രവര്‍ത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ സുഭിക്ഷ കേരളം പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. ഇത്തിത്താനം ജനതാ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1297 - 25 സെന്റ് ഭൂമിയിൽ രണ്ടു തവണ മരച്ചീനി, വാഴ, ചേന, ചേമ്പ് എന്നിവ കൃഷി ചെയ്തു വിളവ് എടുത്തു.<br>2. കുറിച്ചി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1538 - 75സെന്റ് ഭൂമിയിൽ 2 തവണ മരച്ചീനി കൃഷി ചെയ്തു ആദ്യ തവണ കോവിഡ് സാഹചര്യത്തിൽ സൗജന്യമായി അംഗങ്ങൾക്ക് വിതരണം ചെയ്തു രണ്ടാം തവണ വിറ്റഴിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിയില്‍ ഉള്‍പ്പെടുത്തി എത്ര കര്‍ഷകര്‍ക്ക് സഹകരണ സ്ഥാപനങ്ങള്‍ മുഖേന വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നല്‍കുമോ? | (ബി) | പദ്ധതി പ്രകാരം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ 7 സഹകരണ സംഘങ്ങളിൽ നിന്നും 109 പേർക്ക് 16137000/- രൂപയുടെ വായ്പകൾ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ